**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5687** **08-07-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെ ജനറൽ ആശുപത്രിയാക്കി ഉയർത്തുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ജനറൽ ആശുപത്രിയാക്കി ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച എം.എൽ.എയുടെ നിവേദനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | (എ) | നിലവിൽ സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിലുപരി എല്ലാ ആരോഗ്യ സ്ഥാപനങ്ങളെയും ഘട്ടം ഘട്ടമായി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനം നടത്തുക എന്നതാണ് സർക്കാർ നയം. ആർദ്രം മിഷന്റെ ഭാഗമായി മലപ്പുറം ജില്ലയിൽ നിന്ന് ജില്ലാതല ആശുപത്രിയായി തെരഞ്ഞെടുത്തിരിക്കുന്നത് തിരൂർ ജില്ലാ ആശുപത്രി ആണ്. മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ജനറൽ ആശുപത്രിയാക്കി ഉയർത്തുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |
| (ബി) | ജില്ലാ ആസ്ഥാനത്തെ ഏക സർക്കാർ ആശുപത്രി എന്ന നിലയിലും ജില്ലയിൽ ഒരു ജനറൽ ആശുപത്രി ഇല്ലായെന്നതും പരിഗണിച്ച് മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെ ജനറൽ ആശുപത്രിയാക്കി ഉയർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു |
| (സി) | നിലവിലുള്ള താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ബ്ലഡ് ബാങ്ക്, ഡയാലിസിസ് യൂണിറ്റ് എന്നിവ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | നിലവിലെ സാഹചര്യത്തിൽ ഈ സ്ഥാപനത്തിൽ ബ്ലഡ് ബാങ്ക്, ഡയാലിസിസ് യൂണിറ്റ് എന്നിവ സ്ഥാപിക്കുവാൻ സ്ഥല സൗകര്യം ലഭ്യമല്ല.<br><br>ടി സ്ഥാപനത്തിൽ ബ്ലഡ് സ്റ്റോറേജ് സംവിധാനം പ്രവർത്തിക്കുന്നതിനാൽ രോഗികൾക്ക് രക്തം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ആയത് ലഭ്യമാക്കുന്നതിനുള്ള സൗകര്യം നിലവിലുണ്ട്, അതിനാൽ അത്യാവശ്യ ഘട്ടങ്ങളിൽ രോഗികൾക്ക് രക്തം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് പ്രയാസങ്ങൾ നിലവിലില്ല.<br><br>എല്ലാ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് കേന്ദ്രം ആരംഭിക്കുവാൻ പ്രഖ്യാപിച്ചിരുന്നെങ്കിലും മലപ്പുറം ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ |

| | | | |
|---|---|---|---|
| | | | ഇല്ലാത്തതിനാൽ ടി സ്ഥാപനത്തിൽ ഡയാലിസിസ് കേന്ദ്രം ആരംഭിക്കാൻ പ്രയാസമാണ്. എന്നാൽ നിലവിൽ 3 നിലകളുള്ള പുതിയ ഒ.പി ബ്ലോക്കിന് മുകളിൽ നാലാം നിലയായി ആവശ്യമായ ഭൗതിക സൗകര്യങ്ങളോട്ടു കൂടി പുതിയ ഫ്ലോർ നിർമ്മിക്കുന്നതിന് സാധിക്കുമെന്ന് ആശുപത്രി സൂപ്രണ്ട് അറിയിച്ചതനുസരിച്ച് ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിനാവശ്യമായ എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി എഞ്ചിനീയർ മുഖേന തയ്യാറാക്കി നല്കുന്നതിന് നടപടി സ്വീകരിക്കുവാൻ ആശുപത്രി സൂപ്രണ്ടിനോട് ജില്ലാ തലത്തിൽ നിന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ